# അപകടത്തിൽ ഒരു കാല് നഷ്ടപ്പെട്ട ലോറി ക്ലീനർക്ക് 100% അവശതാനുകൂല്യം

## മദ്രാസ് ഹൈക്കോടതി

C.M.A. No. 1931/2013 Dt. 31.1.2020

ശക്തിവേൽ x ടി. പളനിസാമി

പളനിസാമി എന്നയാളുടെ ലോറിയിൽ ക്ലീനറായി ജോലി ചെയ്തുവരുകയായിരുന്നു ശക്തിവേൽ. 2001-ൽ ഒരു ദിവസം ക്ലീനർ ലോറിയുടെ അടിയിൽ കിടന്ന് ജോലി ചെയ്തുകൊണ്ടിരിക്കെ അബദ്ധത്തിൽ ഡ്രൈവർ ലോറി മുന്നോട്ടെടുത്തു. അപ്പോൾ ലോറിയുടെ പിൻചക്രം ക്ലീനറുടെ വലതുകാലിനു മുകളിൽകൂടി കയറിയിറങ്ങി. ഗുരുതരമായി പരിക്കേറ്റ ക്ലീനറെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സിച്ചെങ്കിലും വലതുകാൽ പൂർണ്ണമായും മുറിച്ചുമാറ്റേണ്ടിവന്നു. യാതൊരു ജോലിയും ചെയ്യാനാകാത്തവിധം അയാൾ അവശതയിലായി. തുടർന്ന് അയാൾ നഷ്ടപരിഹാരമാവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ സമർപ്പിച്ചു. പരിക്കുപറ്റിയ തൊഴിലാളിയുടെ സമ്പാദ്യശേഷിയുടെ നഷ്ടം 80% ആണെന്ന് വിലയിരുത്തിയ കമ്മീഷണർ ഇൻഷുറൻസ് കമ്പനി തൊഴിലാളിക്ക് 2,83,091 രൂപ നഷ്ടപരിഹാരമായി നല്കണമെന്ന് വിധിച്ചു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. രണ്ട് കാലില്ലാതെ ലോറി ക്ലീനറുടെ തൊഴിൽ ചെയ്യാനാവാത്തതിനാൽ സമ്പാദ്യശേഷിയുടെ നഷ്ടം 100% ആയി കണക്കാക്കേണ്ടതാണെന്ന് തൊഴിലാളി വാദിച്ചു. ഒരു കാല് മാത്രം നഷ്ടപ്പെട്ട തൊഴിലാളിയുടെ സമ്പാദ്യശേഷിയുടെ നഷ്ടം 80% ആയി കണക്കാക്കിയതുതന്നെ അമിതമാണെന്നും ക്ലർക്കിന്റെ ജോലിയും അതുപോലെയുള്ള മറ്റു ജോലികളും ചെയ്യുന്നതിന് ഒരു കാലിന്റെ നഷ്ടം സാരമായ അവശതയല്ലെന്നും തൊഴിലാളിക്ക് മറ്റു ജോലികളിൽ ഏർപ്പെടാനാവുന്നതാണെന്നും ചൂണ്ടിക്കാട്ടിയ ഇൻഷുറൻസ് കമ്പനി തൊഴിലാളിയുടെ അപ്പീൽ തള്ളിക്കളയണമെന്ന് വാദിച്ചു. ഓരോ ജോലിക്കും അതിന്റേതായ സവിശേഷതകളുണ്ടെന്നും വ്യത്യസ്ത തൊഴിലിന് വ്യത്യസ്ത അവയവങ്ങൾക്കായിരിക്കും പ്രാധാന്യമെന്നും രണ്ട് കാലില്ലാതെ ക്ലീനറുടെ തൊഴിൽ ചെയ്യുക അസാധ്യമാണെന്നും ഹൈക്കോടതി നിരീക്ഷിച്ചു. ഒരു കാല് നഷ്ടപ്പെട്ടയാൾക്ക് പുതിയൊരു ജോലി നല്കാൻ മറ്റു തൊഴിലുടമകൾ തയ്യാറാകില്ലെന്നും പുതിയ തൊഴിൽ തേടിപ്പിടിക്കുക സുസാധ്യമല്ലെന്നും വിലയിരുത്തിയ ഹൈക്കോടതി തൊഴിലാളിയുടെ സമ്പാദ്യശേഷിയുടെ നഷ്ടം 100% തന്നെയാണെന്ന് പ്രഖ്യാപിക്കുകയും തൊഴിലാളി സമർപ്പിച്ച അപ്പീൽ അനുവദിക്കുകയും ഒന്നര മാസത്തിനുള്ളിൽ ഇൻഷുറൻസ് കമ്പനി തൊഴിലാളിക്ക് മൊത്തം നഷ്ടപരിഹാരമായി 3,53,864 രൂപ നല്കണമെന്ന് വിധിക്കുകയും ചെയ്തു.